"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് - നവകേരളം കർമ്മപദ്ധതി-II, കാസർഗോഡ് ജില്ലാ കോ-ഓർഡിനേറ്റർ ആയ ശ്രീ.ബാലകൃഷ്ണൻ കെ. (അഡ്മിനിസ്റ്റേറ്റീവ് അസിസ്റ്റന്റ്, ജലസേചനവും ഭരണവും)-യുടെ അന്യത്രസേവന കാലാവധി 12.08.2024 മുതൽ ടിയാൻ സർവീസിൽ നിന്ന് വിരമിക്കുന്ന തീയതിയായ 30.04.2025 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്

സ.ഉ.(സാധാ) നം.38/2025/PIE&MD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.10/2021/പി.ഇ&.എ തീയതി 01.08.2021
2. സ.ഉ.(പി)നം.02/2021/പിഐഇ&എം.ഡി തീയതി 03.12.2021.
3. സ.ഉ(സാധാ)നം.118/2022/പനിവിനിവ തീയതി 26.07.2022
4. സ.ഉ(സാധാ)നം.239/2024/പനിവിനിവ തീയതി 26.09.2024
5. 13.11.2024-ലെചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) - CEIA/86/2022-B1 നമ്പർ കത്ത്.
6. നവകേരളം കർമ്മപദ്ധതി-II, കോർഡിനേറ്ററുടെ 21.11.2024-ലെ എൻ.കെ.പി/എ2/085/2022 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം നവകേരളം കർമ്മപദ്ധതി-II നായി 14 ജില്ലാ കോ-ഓർഡിനേറ്റർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കാസറഗോഡ് ജില്ലയിൽ ഒഴിവുള്ള ജില്ലാ കോ-ഓർഡിനേറ്റർ തസ്തികയിലേയ്ക്ക് കോഴിക്കോട് പ്രോജക്ട് ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായ ശ്രീ.ബാലകൃഷ്ണൻ കെ.-യെ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് പരാമർശം (3) ഉത്തരവ് പ്രകാരം നിയമിക്കുകയും, തുടർന്ന് പരാമർശം(4) ഉത്തരവ് പ്രകാരം അന്യത്ര സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുകയും ചെയ്തിരുന്നു.

ശ്രീ.ബാലകൃഷ്ണൻ കെ.യുടെ സേവനം നവകേരളം കർമ്മപദ്ധതി-II നായി വിട്ടുനൽകുന്നതിന് എതിർപ്പില്ലെന്ന് ഇറിഗേഷൻ & അഡ്മിനിസ്ട്രേറ്റീവ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് പരാമർശം (5) കത്ത് പ്രകാരം നവകേരളം കർമ്മ പദ്ധതി-II കോർഡിനേറ്ററെ അറിയിച്ചിട്ടുണ്ട്. ശ്രീ.ബാലകൃഷ്ണൻ കെ. യുടെ അന്യത്രസേവന കാലാവധി 11.08.2024-ന് അവസാനിച്ച സാഹചര്യത്തിൽ ടിയാന്റെ അന്യത്ര സേവന കാലാവധി 12.08.2024 മുതൽ ടിയാൻ സർവീസിൽ നിന്ന് വിരമിക്കുന്ന തീയതിയായ 30.04.2025 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (6) കത്ത് പ്രകാരം നവകേരളം കർമ്മ പദ്ധതി-II കോർഡിനേറ്റർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നവകേരളം കർമ്മപദ്ധതി-II, കാസർഗോഡ് ജില്ലാ കോ-ഓർഡിനേറ്ററായ ശ്രീ.ബാലകൃഷ്ണൻ കെ.യുടെ (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജലസേചനവും ഭരണവും) അന്യത്രസേവന കാലാവധി 12.08.2024 മുതൽ ടിയാൻ സർവീസിൽ നിന്ന് വിരമിക്കുന്ന തീയതിയായ 30.04.2025 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജീന ജെ പി

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ.ബാലകൃഷ്ണൻ കെ., അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പ്രോജക്ട് 1, ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ കാര്യാലയം, കോഴിക്കോട് (നവകേരളം കർമ്മ പദ്ധതി-II, കോ-ഓർഡിനേറ്റർ മുഖേന)
2. കോ-ഓർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി-II, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
4. വിവര പൊതുജന സമ്പർക്ക വകുപ്പ്
5. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)
6. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്
7. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ഡയറക്ടറുടെ പി.എസ്സ്
8. കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Devi K G
Date: 05-02-2025 10:00:47

സെക്ഷൻ ഓഫീസർ